## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.221** **15.07.2016-ൽ മറുപടിയ്ക്ക്**

**കുടിവെള്ളത്തിനായി കഷ്ടപ്പെടുന്ന ജനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി. ജോർജ് :** | **മാത്യു. ടി. തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| എ. കുടിവെള്ളം ലഭിക്കുന്നതിനായി സംസ്ഥാനത്ത് നിലവിൽ എന്തൊക്കെ പദ്ധതികളാണ് ഉള്ളത്; വിശദമാക്കുമോ; | എ ഒരു ദിവസം ഉദ്ദേശം 280 കോടി ലിറ്റർ ശുദ്ധീകരിച്ച വെള്ളം (Treated water) പമ്പ് ചെയ്യുവാനുള്ള installed capacity കേരള വാട്ടർ അതോറിറ്റിയ്ക്ക് ഇപ്പോൾ ഉണ്ട്. ഇപ്പോൾ നിർമ്മാണത്തിലുള്ള പദ്ധതികൾ ഉദ്ദേശം 110 കോടി ലിറ്ററിന്റെ ആണ്. കൂടാതെ 50 കോടി ലിറ്ററോളം വെള്ളം അണുവിമുക്തമാക്കിയും, പമ്പ് ചെയ്യുന്നുണ്ട്. കൂടാതെ ലോകബാങ്ക് ധന സഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന ജലനിധി രണ്ടാംഘട്ട കുടിവെള്ള പദ്ധതി (2012-17) - 1022 കോടി രൂപ മുതൽ മുടക്കി നടപ്പാക്കുന്ന ഈ പദ്ധതിയുടെ 64% ബാങ്ക് വായ്പയായും, ബാക്കി തുക സംസ്ഥാന സർക്കാരും ഗ്രാമ പഞ്ചായത്തും ഗുണഭോക്താക്കളും വഹിക്കുന്നു. |
| ബി. കുടിവെള്ളത്തിനായി ജനങ്ങൾ കഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി ഉണ്ട്. |
| സി. ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ? | സി കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി അതാതു പ്രദേശത്തെ ആവശ്യകത സംബന്ധിച്ച് അവലോകനം ചെയ്ത് കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്യുകയും ധനകാര്യ ഏജൻസികളിൽ നിന്നും ധനസഹായം ഉറപ്പാക്കിയതിനു ശേഷം ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. ഇതു കൂടാതെ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന |

കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും കാലഹരണപ്പെട്ട പൈപ്പുകളും പമ്പ് സെറ്റുകളും യഥാസമയം മാറ്റി സ്ഥാപിക്കുന്നതിനും ജലചോർച്ച തടയുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. കൂടാതെ വരൾച്ചാ കാലഘട്ടങ്ങളിൽ ചിലയിടങ്ങളിൽ പമ്പിങ് സമയം ദീർഘിപ്പിച്ചും മറ്റ് ചില സ്ഥലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ടാങ്കറുകളിൽ കുടിവെള്ളമെത്തിക്കുന്ന തിനുള്ള നടപടികളും കൈക്കൊള്ളാറുണ്ട്.

ഇക്കഴിഞ്ഞ വേനൽക്കാലത്ത് സംസ്ഥാന ത്തിന്റെ ചില പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഇത് പരിഹരിക്കുന്നതിനായി സർക്കാർ 39 കോടി രൂപ കേരള വാട്ടർ അതോറിറ്റിയിക്ക് അനുവദിക്കുകയുണ്ടായി. ഇതിൽ 25 കോടി രൂപ അടിയന്തിര പ്രവൃത്തികൾക്കായി കേരള ജല അതോറിറ്റിയ്ക്കും, 14 കോടി രൂപ ജില്ലാ കളക്ടർമാർ മുഖാന്തരം 14 ജില്ലകളിലും ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കർ ലോറി വഴി ശുദ്ധജലം എത്തിക്കാനുമാണ് നൽകിയിരുന്നത്. കേരള ജല അതോറിറ്റി, ലഭിച്ച തുക ഉപയോഗിച്ച് ജലലഭ്യത ഉറപ്പാക്കാനാവശ്യമായ 1478 വിവിധതരം പ്രവൃത്തികൾക്ക് 14 ജില്ലകളിലുമായി ഭരണാനുമതി നൽകുകയും അവയെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്തു. ഇതു കൂടാതെ, ഇപ്പോൾ നിർമ്മാണത്തി ലിരിക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും കാലഹരണപ്പെട്ട പൈപ്പുകളും പമ്പ് സെറ്റുകളും യഥാസമയം മാറ്റി സ്ഥാപിക്കുന്നതിനും ജലചോർച്ച തടയുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. കൂടാതെ ജലദൗർലഭ്യം അനുഭവപ്പെടുന്ന പഞ്ചായത്തുകൾ തെരെഞ്ഞെടുത്ത് ജലനിധി നിയമാവലി അനുസരിച്ച് വിവിധ ബാച്ചുകളിലായി ജലനിധി പദ്ധതികൾ നടപ്പാക്കി വരുന്നു.

സെക്ഷൻ ഓഫീസർ